LIBRARY ARCHIVES Kerala Legislative Assembly

പുല്ലുപ്പി കടവുപാലം പ്രവൃത്തി

179 (5884) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പുല്ലുപ്പി കടവ് പാലത്തിന്റെ പ്രവൃത്തി കഴിഞ്ഞ ആറു വർഷങ്ങളായി പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആദ്യമായി എപ്പോഴാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും, അന്നത്തെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നെന്നും വെളിപ്പെടുത്തുമോ ;

(സി) രണ്ട് വർഷങ്ങൾക്കുമുമ്പ് ബഹു. മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനമായിട്ടും എന്തുകൊണ്ടാണ് ഇതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും അനാസ്ഥ ഉണ്ടായതുകൊണ്ടാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(എഫ്) എത്രയും വേഗത്തിൽ പുല്ലുപ്പി കടവുപാലം പണി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004 - ൽ, 350 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്.

(സി) പണി ഏറ്റെടുത്ത കരാറുകാരൻ സമീപന റോഡിന്റെ കുറച്ചു പണികളും പുഴാതി ഭാഗത്തുള്ള അബട്ട്മെന്റിന്റെ പൈൽ ക്യാപ്പ് വരെയുള്ള പണികളും ചെയ്തിട്ട്, പണി നിർത്തിവച്ചു. പണി തുടരുന്നതിന് പുതുക്കിയ പി.ഡബ്ല്യു.ഡി. റേറ്റിൽ 20% അധികം നിരക്ക് നൽകണമെന്നും അല്ലെങ്കിൽ പ്രവൃത്തിയുടെ കരാറിൽ നിന്നും ഒഴിവാക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടു. പുതുക്കിയ റേറ്റ് വേണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയാത്തതിനാൽ 29-10-2009 -ലെ സർക്കാർ ഉത്തരവ് പ്രകാരം കരാർ റദ്ദ് ചെയ്യാൻ അനുമതി നൽകി. ബാക്കി പണികൾ തുടങ്ങുന്നതിന് പഴയ കരാർ ക്ലോസ് ചെയ്ത് എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. അപ്രോച്ച് റോഡിൽ മണ്ണു നിറച്ചതിന്റെ അളവുമായി ബന്ധപ്പെട്ട് ചില പരാതികൾ ഉണ്ടായിരുന്നതിനാൽ ക്ലോഷർ എഗ്രിമെന്റ് വയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായിരുന്നില്ല. എന്നാൽ 27-5-2010 - ന് ക്ലോഷർ എഗ്രിമെന്റ് വയ്ക്കുകയുണ്ടായി. ബാക്കി പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉദ്യോഗസ്ഥ തലത്തിൽ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പഴയ കരാറുകാരനെ ഒഴിവാക്കി ബാക്കി പണികൾക്ക് 1173 ലക്ഷം രൂപയുടെ ഭരണാനുമതിയും 1095 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബാക്കി പണികൾക്ക് ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

(എഫ്) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

തണത്തറ പാലം പണി

180 (5885) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ച പെരുമ്പിലാവ്-നിലമ്പൂർ റോഡിലെ തണത്തറ പാലം പണിയുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഇവിടെ നിലവിലുള്ള ഇടുങ്ങിയ പാലം തകർന്നു തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ പാലം പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) തണത്തറ പാലത്തിനു വേണ്ടിയുള്ള മണ്ണു പരിശോധന നടത്തിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ത്വരിതപ്പെടുത്തുന്നതാണ്.

മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

181 (5886) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മമ്പറം പാലത്തിനായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എന്തൊക്കെ അറ്റകുറ്റപ്പണികളാണ് നടത്തിയത് ; അതിനായി എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; നടപടിയുടെ പുരോഗതി എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. * അതിനായി 21,92,180 രൂപ ചെലവായി.

(സി) മമ്പറത്ത് ശോച്യാവസ്ഥയിൽ ആയ പഴയ പാലത്തിനുപകരം നബാർഡ് ധനസഹായത്തോടെ പുതിയ പാലം പണിയുന്നതിന് 8-7-2010-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly